# വഞ്ചന | മതിയായി ഈ MLA

## പിണറായി വിജയൻ (CPI(M)) - ധർമ്മടം

### 1 പ്രവർത്തനക്ഷമമല്ലാത്ത ബോട്ട് ജെട്ടികൾ




കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ബോട്ട് ജെട്ടികൾ ജനങ്ങൾക്ക് ഉപകാരപ്രദമാകും വിധം പ്രവർത്തനക്ഷമമാക്കാതെ വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുകയാണ്.

### 2 കൃഷി നശിപ്പിച്ച് ഉപ്പ് വെള്ളം




അഞ്ചരക്കണ്ടി പുഴ വഴി ഉപ്പുവെള്ളം കയറി മണ്ഡലത്തിലെ ഒട്ടുമിക്ക പ്രദേശങ്ങളിലും കുടിവെള്ളവും കൃഷിയും നശിച്ചിട്ടും, ഇതിനൊരു സ്ഥിരപരിഹാരം കാണാൻ എംഎൽഎ പരാജയപ്പെട്ടു.

### 3 പൊതുശൗചാലയം ഇല്ലാതെ ജനം




പിണറായി, ചക്കരക്കൽ, ധർമ്മടം, മമ്പറം തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിൽ  പൊതുശൗചാലയങ്ങൾ നിർമ്മിക്കാൻ പോലും ഇതുവരെ എംഎൽഎയ്ക്ക് കഴിഞ്ഞിട്ടില്ല.

### 4 അടിസ്ഥാന സൗകര്യങ്ങളില്ലാതെ ആരോഗ്യരംഗം




മണ്ഡലത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ നിലവാരം ഉയർത്തുകയോ, വർഷങ്ങളായി വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയോ ചെയ്തിട്ടില്ല.

### 5 പൊതുശ്മശാനം ഇനിയുമകലെ




ധർമ്മടം പഞ്ചായത്തിൽ ഇന്നുവരെ ഒരു പൊതുശ്മശാനം നിർമ്മിച്ചിട്ടില്ല. മൃതദേഹങ്ങൾ സംസ്കരിക്കാൻ ഇപ്പോഴും തലശ്ശേരി നഗരസഭയെയോ മറ്റ് പഞ്ചായത്തുകളെയോ ആശ്രയിക്കേണ്ട ഗതികേടിലാണ് ജനങ്ങൾ.

### 6 ആചാരങ്ങളെ തകർത്തു വിശ്വാസികളെ  വഞ്ചിച്ചു



ശബരിമലയിലെ അനുഷ്ഠാനങ്ങളെ തകർക്കാനുള്ള കപട നവോത്ഥാന നാടകത്തിന് പാദസേവ ചെയ്ത ഈ എംഎൽഎ വിശ്വാസിസമൂഹത്തെ പച്ചയ്ക്ക് വഞ്ചിച്ചു. സ്വർണ്ണക്കൊള്ളയിൽ പോലും ടിയാൻ പാലിച്ച മൗനം സംശയാസ്പദമാണ്.

## UDF - LDF മതിയായി
## മാറ്റം തുടങ്ങാം!